**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **08-12-2022 - ൽ മറുപടിയ്ക്ക്**

**ദേശസാൽകൃത, സ്വകാര്യ ബാങ്കുകൾ റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന റവന്യൂ റിക്കവറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദേശസാൽകൃത, സ്വകാര്യ ബാങ്കുകൾ റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള വകുപ്പ് മന്ത്രിയുടെ സവിശേഷാധികാരം റദ്ദാക്കിക്കൊണ്ടുള്ള കോടതിവിധികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | WP(C)24799/2018-മേലുള്ള 9.8.2019 -ലെ വിധിന്യായം പ്രകാരം HDFC ബാങ്ക് കുടിശ്ശികയ്ക്ക് ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ബഹു. കോടതി റദ്ദാക്കിയിരുന്നു. ആയതിനെതിരെ സർക്കാർ റിട്ട് അപ്പീൽ (WA No.864/2022) ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീൽ ബഹു. ഹൈക്കോടതി 30.09.2022-ൽ തള്ളി തീർപ്പാക്കുകയും ചെയ്തു. പ്രസ്തുത വിധി ന്യായത്തിൽ കേരള റവന്യൂ റിക്കവറി ആക്ട് 1968-ൽ കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുവദിക്കാൻ സർക്കാരിനോ മന്ത്രിക്കോ അധികാരം നൽകുന്നില്ല എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ടി വിധിന്യായം സർക്കാരിൽ ലഭിച്ചതിനു ശേഷം സർക്കാർ, സഹകരണ ബാങ്ക് കുടിശ്ശികയ്ക്ക് മാത്രമാണ് തവണ അനുവദിച്ചു വരുന്നത്. |
| (ബി) | കോടതിവിധി നിലവിലുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കുമോ; | (ബി) | വായ്പാ കുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് റവന്യൂ റിക്കവറി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് നിർധനരായ വായ്പക്കാർക്ക് ആശ്വാസമേകുന്നതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ വ്യക്തമാക്കാമോ? | (സി) | വായ്പാ കുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് റവന്യൂ റിക്കവറി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ